ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇപ്പോഴില്ലെങ്കിലും തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നെയ്യാറ്റിൻകര താലൂക്കിലായിരുന്നു. ഇപ്പോൾ താലൂക്ക് മാറിയതാണ് വന്നിട്ടുള്ളത് കുഴപ്പം.

ശ്രീ. പൊന്നറ മി. സ്പീക്കർ: എന്നാലും വെള്ളനാട് ബ്ലോക്കിൽ ചേർന്നു പ്രവർത്തിക്കാൻ സാധിക്കും. അതിനു കൂടുതൽ നടപടിയെന്തും വേണ്ട.

ആന്ധ്രായിൽനിന്നും അരിവാങ്ങിയ ഇനത്തിൽ കൊടുക്കേണ്ട കമ്മിഷൻ

*1683. [22] ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

ആന്ധ്രായിൽനിന്നും അരി വാങ്ങിച്ച ഇനത്തിൽ കേരളസർക്കാരിന് മദ്രാസിലെ ശ്രീരാമുലു കമ്പനിക്കും, ആന്ധ്രാ മിൽ ഓണേഴ്സ് അസോസിയേഷനും കമ്മിഷൻ ഇനത്തിൽ ചെല്ലേണ്ട തുക ഉടനടി നൽകണമെന്നും, അല്ലാത്തപക്ഷം മേലിൽ അരി സപ്ലൈ ചെയ്യുകയില്ലെന്നും അറിയിച്ചിട്ടുണ്ടോ?

ഭക്ഷ്യം വനം വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്): ആന്ധ്രായിൽനിന്നും അരി വാങ്ങിയ ഇനത്തിൽ മദ്രാസിലെ ശ്രീരാമുലു കമ്പനിക്കും, ആന്ധ്രാപ്രദേശ് റൈസ് മില്ലേഴ്സ് അസോസിയേഷനും എത്രയും തുക ഗവണ്മെന്റിൽനിന്നും ചെല്ലുവാനുള്ളതു് ഉടനെ നൽകണമെന്നു് അറിയിച്ചിട്ടുണ്ടു്. അല്ലാത്തപക്ഷം മേലിൽ അരി സപ്ലൈ ചെയ്യുകയില്ലെന്നു അറിയിച്ചിട്ടില്ല.

ശ്രീ. എ. എൽ. ജേക്കബ്: എത്ര രൂപാ കൊടുക്കാനുണ്ടെന്നു പറയാമോ?

ശ്രീ. കെ. സി. ജോർജ്: അതു കണക്കു നോക്കാതെ പറയാൻ സാധ്യമല്ല.

റബ്ബർ ഫാക്ടറിയുടെ പ്രവർത്തനം.

*1684. [26] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റബ്ബർ ഫാക്ടറി പ്രവർത്തനം ഇപ്പോൾ നഷ്ടത്തിൽ തന്നെ നടന്നുവരുന്നതു്; ഫാക്ടറിയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതാവശ്യമാണെന്നു് ഗവണ്മെന്റു് കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ, ബി) റബ്ബർ ഫാക്ടറി ഇപ്പോൾ നഷ്ടത്തിലല്ല നടന്നുവരുന്നതു്. ഫാക്ടറിയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതാണെന്നു ഗവണ്മെന്റു കരുതുകയും, കഴിഞ്ഞ ഡിസംബറിൽ ഒരു കൺഫർൻസു് വിളിച്ചുകൂട്ടി ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ടു്. ആ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണു്.

(സി) എസ്റ്റിമേറ്റു കമ്മിറ്റിയുടെ ശുപാർശപ്രകാരം ടെക്നിക്കൽ അഡ്മിനിസ്ട്രേറ്റീവു് വിഭാഗവും തമ്മിൽ വേർതിരിച്ചു. അതുപോലെ വിതരണ എഞ്ചിൻസിയുടെ വ്യവസ്ഥകൾ കൂടുതൽ ആദായകരമായ നിലയിൽ പുതുക്കി. വർക്കലോഡു് നിശ്ചയിക്കുന്നതിനു് വിദഗ്ധന്മാരെ നിശ്ചയിച്ചു

LIBRARY ARCHIVES Kerala Legislative Assembly